# വൈദ്യരത്നം പി.എസ്.വാരിയർ ആയുർവ്വേദ കോളേജ് , കോട്ടക്കൽ,

## എടരിക്കോട്(പി.ഒ), മലപ്പുറം, കേരളം -676501.

(കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലാ അംഗീകൃതം)

ഫോൺ : 0483-2751851, ഇമെയിൽ -vpsvprincipal@gmail.com വെബ്സൈറ്റ്: www.kottakkalayurvedacollege.ac.in


നം VPSVAC/133/2026-E1 **തീയതി : 23/07/2026**

**<u>വിജ്ഞാപനം</u>**

**2026-27 അധ്യയന വർഷത്തിൽ ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്, ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി, ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി കോഴ്സുകളിലേക്ക് മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു**

**സൂചന : സ.ഉ.(സാധാ) നം.327/2026/ ആയുഷ് തീയതി 27-06-2026**

**1. ആമുഖം**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന 2026-27 വർഷത്തെ ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്, ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി, ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി എന്നീ പാരാമെഡിക്കൽ കോഴ്സുകൾ മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ വൈദ്യരത്നം പി എസ് വാര്യർ ആയുർവേദ കോളെജിൽ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 3 കോഴ്സുകളിലും 3 സീറ്റ് വീതമാണ് മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നൽകുന്നത്. പ്രവേശനം സംബന്ധിച്ച പ്രൊസ്പെക്ടസ് കോളെജിന്റെ www.kottakkalayurvedacollege.ac.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. ഈ വെബ്സൈറ്റ് മുഖേന ഓൺലൈനായി മാത്രം 2026 ജൂലൈ 23 മുതൽ ആഗസ്റ്റ് 5 വരെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ ഓൺലൈൻ മുഖേന അപേക്ഷാ ഫീസ് ഒടുക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

1.1. ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്, ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി, ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി കോഴ്സുകളുടെ ദൈർഘ്യം യഥാക്രമം ഒരു വർഷം, ഒരു വർഷം 8 മാസം, രണ്ടു വർഷം എന്നിങ്ങനെ ആണ്.

1.2. അപക്ഷകർ നൽകുന്ന കോഴ്സ് ഓപ്ഷന്റെ അടിസ്ഥാനത്തിൽ കോട്ടയ്ക്കൽ വൈദ്യരത്നം പി എസ് വാര്യർ ആയുർവേദ കോളെജ് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാന ത്തിലായിരിക്കും പ്രവേശനം.

**2. വിദ്യാഭ്യാസ യോഗ്യതയും പ്രായ പരിധിയും:**

<u>ആയുർവേദ നഴ്സിംഗ് ഡിപ്ലോമ</u>

- യോഗ്യത : ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി (GNM) പാസായിരിക്കണം.
- പരമാവധി പ്രായപരിധി (വയസ്സ് 01/07/2026 പ്രകാരം കണക്കാക്കുന്നതാണ്):
    - ജനറൽ വിഭാഗം - 33 വയസ്സ്
    - എസ്.സി./എസ്.ടി. വിഭാഗം - 38 വയസ്സ്

    - വിമുക്തഭടന്മാർ - 40 വയസ്സ്

<u>ആയുർവേദ തെറാപ്പി ഡിപ്ലോമ</u>

- യോഗ്യത: പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.
- പരമാവധി പ്രായപരിധി (വയസ്സ് 01/07/2026 പ്രകാരം കണക്കാക്കുന്നതാണ്):
    - ജനറൽ വിഭാഗം - 33 വയസ്സ്
    - എസ്.സി./എസ്.ടി. വിഭാഗം - 38 വയസ്സ്
    - വിമുക്തഭടന്മാർ - 40 വയസ്സ്
- ശാരീരിക യോഗ്യത / അളവുകൾ (ആയുർവേദ തെറാപ്പി ഡിപ്ലോമ കോഴ്സിന് മാത്രം ബാധകം): ഭിന്നശേഷിക്കാർ (PWD) ഈ കോഴ്സിലേക്കുള്ള പ്രവേശനത്തിന് അർഹരല്ല. അപേക്ഷകർ ശാരീരികമായി ആരോഗ്യവാന്മാരായിരിക്കണം. കൂടാതെ താഴെപ്പറയുന്ന കുറഞ്ഞ ശാരീരിക മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.
    - പുരുഷന്മാർ: കുറഞ്ഞ ഉയരം 162.5 സെ.മീ., കുറഞ്ഞ ഭാരം 46 കിലോഗ്രാം
    - സ്ത്രീകൾ: കുറഞ്ഞ ഉയരം 147 സെ.മീ., കുറഞ്ഞ ഭാരം 36 കിലോഗ്രാം
- കുറിപ്പ്: ഭിന്നശേഷിക്കാർ ആയുർവേദ തെറാപ്പി ഡിപ്ലോമ കോഴ്സിലേക്കും ആയുർവേദ നഴ്സിംഗ് ഡിപ്ലോമ കോഴ്സിലേക്കും പ്രവേശനത്തിന് അർഹരല്ല.

<u>ആയുർവേദ ഫാർമസി ഡിപ്ലോമ</u>

- യോഗ്യത: പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.
- പരമാവധി പ്രായപരിധി (വയസ്സ് 01/07/2026 പ്രകാരം കണക്കാക്കുന്നതാണ്)
    - ജനറൽ വിഭാഗം - 33 വയസ്സ്
    - എസ്.സി./എസ്.ടി. വിഭാഗം - 38 വയസ്സ്
    - വിമുക്തഭടന്മാർ - 40 വയസ്സ്
- കുറിപ്പ്: മാർക്കിന്റെ ശതമാനം അടുത്ത ഉയർന്ന പൂർണ്ണസംഖ്യയിലേക്ക് റൗണ്ട് ഓഫ് ചെയ്യാൻ അനുവദിക്കുകയില്ല.

<u>3. മാനേജ്മെന്റ് സീറ്റിലേക്കുള്ള അപേക്ഷ സമർപ്പിക്കേണ്ട രീതി</u>

i. www.kottakkalayurvedacollege.ac.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

ii. അപേക്ഷ ഫീസായി 1000/- രൂപ അപേക്ഷയോടൊപ്പം ഓൺലൈനായി അടവാക്കേ ണ്ടതാണ്.

iii. അപേക്ഷയോടൊപ്പം വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ (to prove age, nativity, reservation, fee concession (if any), marklist etc) അപ് ലോഡ് ചെയ്യേണ്ടതാണ്. എല്ലാ സർട്ടിഫിക്കറ്റുകളും പ്രോസ്പെക്ടസിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിശ്ചിത മാതൃകയിൽ തന്നെ അപ്ലോഡ് ചെയ്യേണ്ടതാണ്.

4. മാനേജ്മെന്റ് സീറ്റുകൾക്കുള്ള പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയായിരിക്കും പ്രവേശനം. വിശദ വിവരങ്ങൾക്ക് 0483 275 1851 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

5. മറ്റെല്ലാ നിബന്ധനകളും സർക്കാർ അംഗീകരിച്ച പ്രൊസ്പെക്ടസ് അനുസരിച്ചായിരിക്കും. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് പ്രോസ്പെക്ടസ്സിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

e-Signed by Bindu K K
Principal
Dtd:23/07/2026 05:07:57